# വേണോ ഈ ലൈംഗികാഭാസ പാഠ്യപദ്ധതി?

● പ്രതികരണം

**റഹ്മാൻ മധുരക്കുഴി**

**നമ്മുടെ** സദാചാര സംഹിതകളെയും സംസ്കാരമഹിമയെയും ചോദ്യം ചെയ്യുന്ന പാശ്ചാത്യരീതിയിലുള്ള ലൈംഗിക വിദ്യാഭ്യാസം നടപ്പാക്കാനുള്ള കേരള സർക്കാറിന്റെ നീക്കം താൽക്കാലികമായി നിർത്തിവെച്ചെങ്കിലും, രക്ഷിതാക്കളും അധ്യാപകരുമടങ്ങുന്ന സമൂഹത്തിന്റെ ശക്തമായ പ്രതിഷേധത്തിന് അത് വഴിവെച്ചിരിക്കുകയാണ്. കൗമാരത്തെയും ലൈംഗികതയെയും കുറിച്ച് അറിവ് പകർന്നുകൊടുക്കാനെന്ന പേരിൽ തയാറാക്കിയ ലൈംഗിക പാഠ്യപദ്ധതി സഭ്യതയുടെയും മാന്യതയുടെയും സകല അതിർവരമ്പുകളെയും ഭേദിക്കുന്നുവെന്നതാണ് ഇതിനെതിരെ ഉയർന്നുവന്ന മുഖ്യ പരാതി.

ആർത്തവം, സംഭോഗം, സ്വയംഭോഗം, കുട്ടികളുടെ ലൈംഗിക കേളികൾ, സ്വവർഗരതി, ബലാത്സംഗം, ഗർഭഛിദ്രം, കോണ്ടം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം അശ്ലീല ഭാഷയിലും ശൈലിയിലുമാണത്രെ വർണിച്ചിരിക്കുന്നത്. പല ഗ്രൂപ്പുകളായി തിരിഞ്ഞ്, ആൺകുട്ടികളും പെൺകുട്ടികളും അധ്യാപകരൊന്നിച്ച് ഇത്തരം അശ്ലീല ചർച്ചകളിൽ വ്യാപൃതരാകാൻ നിർദേശിക്കപ്പെട്ടിരിക്കുകയാണ്. കൗമാരപ്രായക്കാരായ കുട്ടികളോട് മുതിർന്നവർ ഇക്കാലമത്രയും ദീക്ഷിച്ചുപോന്ന കരുതലോടെയും മാന്യമായുമുള്ള സമീപനം കൈവിട്ട് സഭ്യേതരമായും അശ്ലീലമായും സംസാരിക്കാനും അഭിനയിച്ചുകാണിച്ചുകൊടുക്കാനും നിർബന്ധിക്കുന്ന 'പാഠ്യപ്രവർത്തനം' അവരിലുണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ വിവരണാതീതമായിരിക്കും. അധ്യാപക-വിദ്യാർഥി ബന്ധങ്ങളുടെ മനശ്ശാസ്ത്രമോ പാവനതയോ പരിഗണിക്കാതെ വികലമായി ആവിഷ്കരിച്ച ഈ ലൈംഗിക വിദ്യാഭ്യാസപദ്ധതി ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

വിവാഹപൂർവ ലൈംഗികത അധാർമികമായി കരുതുന്ന നമ്മുടെ സമൂഹത്തിൽ, 'സെക്സ് ആരുമായും ആവാം; സുരക്ഷിതമായാൽ മതി' എന്ന സന്ദേശമാണ് ഈ സിലബസ് വിദ്യാർഥികൾക്ക് നൽകുന്നത്. ലൈംഗികത പഠിക്കുമ്പോൾ അതിൽ അനിവാര്യമായും പുലർത്തേണ്ട ധാർമികതയെക്കുറിച്ച് സിലബസ് നിശ്ശബ്ദമാവുന്നത് അപകടസൂചനയാണ്. ധാർമിക ചിന്തയിലൂന്നിയ സദാചാരബോധം വരുംതലമുറക്ക് നൽകി, അവരെ വഴിവിട്ട സെക്സിൽനിന്ന് പിന്തിരിപ്പിക്കാതെ ഫ്രീസെക്സിന് പ്രാമുഖ്യം നൽകുന്നുവെന്നത് അവഗണിച്ചുതള്ളാനാവാത്തതാണ്. 'ശരീരത്തിന്റെ ചോദനകളെ സ്വാഭാവികമായി കണ്ട്, സ്വതന്ത്രമായി അനുഭവിക്കാൻ അനുവദിക്കപ്പെടണം' (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 16.4.06), 'സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹപൂർവ പരിചയം മാത്രമല്ല; ലൈംഗിക ബന്ധം തന്നെയാവാം-എന്നു മാത്രമല്ല ഉണ്ടാവണം'(ഡോ. എം. ഗംഗാധരൻ *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2007 ഫെബ്രുവരി 18) തുടങ്ങിയ ഉപദേശങ്ങളുടെ ദുസ്സ്വാധീനം പുതിയ സിലബസ് രചനയിൽ അന്തർഭവിച്ചുകാണുന്നുണ്ട്.

എയിഡ്സ് പോലുള്ള രോഗങ്ങൾ തടയുക, കൗമാര ഗർഭധാരണ വ്യാപനത്തിന് തടയിടുക തുടങ്ങിയവയാണത്രെ ലൈംഗിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ. എയിഡ്സ് എന്ന ആധുനികയുഗത്തിലെ മഹാരോഗം തടയാൻ ഫ്രീസെക്സിന് പ്രചോദനമേകുന്ന ലൈംഗിക വിദ്യാഭ്യാസത്തിന് കഴിയുമെന്ന് കരുതുന്നത് മൗഢ്യമാണ്. അവിഹിത ലൈംഗിക ബന്ധങ്ങളാണ് എയിഡ്സ് എന്ന മഹാമാരിയുടെ മൂലകാരണമെന്ന് ബന്ധപ്പെട്ടവർ തിരിച്ചറിയണം. അമേരിക്കയിൽ ലൈംഗികവിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടല്ല, വഴിവിട്ട ലൈംഗികജീവിതം മൂലമാണ് വർഷംപ്രതി 15 മില്യനിലധികം പേർ ലൈംഗികരോഗികളായിത്തീരുന്നത്. ഏഷ്യയിൽ ഏറ്റവും കൂടുതൽ എയിഡ്സ് രോഗികളുള്ള രാജ്യങ്ങളിലൊന്നായ ചൈന (8,40,000 പേർ) കടുത്ത ലൈംഗിക നിയന്ത്രണങ്ങളേർപ്പെടുത്തിയില്ലെങ്കിൽ അടുത്ത 5 വർഷത്തിനകം രാജ്യത്ത് ഒരു കോടി എയിഡ്സ് രോഗികളുണ്ടാവുമെന്ന് യു.എൻ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. 'വേശ്യാവൃത്തി നിരോധിച്ചിരിക്കുന്ന ഇസ്ലാമിക രാഷ്ട്രങ്ങളിൽ എയിഡ്സ് രോഗികൾ തീരെ കുറവാണെന്നത് ആധുനികലോകത്തെ പ്രത്യേകിച്ച് പാശ്ചാത്യ ലോകത്തെ കണ്ണ് തുറപ്പിക്കേണ്ടതാണ്' എന്ന *മാതൃഭൂമി* ലേഖകന്റെ മുന്നറിയിപ്പ് (1988 ഒക്ടോബർ 16-22) എയിഡ്സ് തടയാൻ ഫ്രീസെക്സല്ല; വിഹിത സെക്സാണ് പരിഹാരം എന്ന പാഠമാണ് നൽകുന്നത്. മൃഗങ്ങളെപ്പോലെ ആർക്കും ആരെയും ഭോഗിക്കാനുള്ള യൂറോപ്പിന്റെ 'ഫ്രീസെക്സ്' തിയറിയാണ് എയിഡ്സ് എന്ന മാരകരോഗമായി വളർന്നത്. 'സെക്സ് ആകാം, സുരക്ഷിതമായാൽ മതി'-എച്ച്.ഐ.വി തടയാനുള്ള പാഠഭാഗത്തിൽ കുട്ടികൾക്ക് നൽകുന്ന ഈ സന്ദേശം എയിഡ്സ് തടയാനല്ല; ലൈംഗിക അരാജകത്വം സൃഷ്ടിക്കാനാണ് സഹായകമാവുക.

ബോധവത്കരണക്കുറവാണ് എയിഡ്സ് വ്യാപിക്കാൻ കാരണമെന്ന് പറഞ്ഞുകൂടാ. രതിവൈകൃതങ്ങൾ പ്രചരിപ്പിക്കുന്ന പരസ്യങ്ങളും അശ്ലീല സാഹിത്യങ്ങളും സി.ഡികളും ബ്ലൂഫിലിമുകളും യുവതലമുറയുടെ ധാർമിക-സദാചാര ബോധം ദുർബലപ്പെടുത്തുകയും അവരെ ലൈംഗിക അരാജകത്വത്തിനടിപ്പെടുത്തുകയും ചെയ്യുന്നതിലൂടെയാണ് എയിഡ്സ് വ്യാപനം നടക്കുന്നത്. ഫാഷൻ ഷോയുടെയും മറ്റും പേരിൽ ചാനലുകളിൽ ഇന്ന് അരങ്ങുതകർക്കുന്നത് ലൈംഗിക ആഭാസങ്ങളാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? അശ്ലീല ചാനലുകൾക്കെതിരെ ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം 1999-ൽ എല്ലാ സംസ്ഥാനങ്ങൾക്കും ഇന്ത്യാ ഗസറ്റിലൂടെ നൽകിയ മുന്നറിയിപ്പിന് ഇന്നോളം അധികൃതരുടെ ഭാഗത്തുനിന്ന് ഒരു പ്രതികരണവും ഉണ്ടായിട്ടില്ല. തിരുവനന്തപുരം ലയോള കോളേജിലെ സോഷ്യോളജി വിഭാഗം സ്കൂൾ കുട്ടികൾക്കിടയിൽ നടത്തിയ സർവേയിൽ ഇന്റർനെറ്റ് കഫേകൾ സന്ദർശിക്കുന്ന 90 ശതമാനം കുട്ടികളും അശ്ലീല വെബ്സൈറ്റുകൾക്ക് മുന്നിലിരിക്കുന്നതായി കണ്ടെത്തിയ വാർത്ത ഓർക്കുക.

ഇത്തരമൊരു അപകടകരമായ ചുറ്റുപാടിൽ വിദ്യാലയങ്ങളിൽനിന്ന് കൂടി, സദാചാരസ്പർശമില്ലാത്ത 'സുരക്ഷിത ഫ്രീ സെക്സ് വിജ്ഞാനം' പകർന്നു കിട്ടുന്ന യുവതലമുറയുടെ ഭാവി എന്താവുമെന്ന് മനുഷ്യസ്നേഹികൾ ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ■